## ജില്ലാ നഗരാസൂത്രകയുടെ നടപടിക്രമം, കോട്ടയം

വിഷയം: ജില്ലാ നഗരാസൂത്രകയുടെ കാര്യാലയം, കോട്ടയം-അതിരമ്പുഴ ഗ്രാമ പഞ്ചായത്ത് ഓട്ടോ മൊബൈൽ വർക്ക്ഷോപ്പ്/സെയിൽസ് ബിൽഡിംഗ് കെട്ടിട നിർമ്മാണം-ലേ-ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം: ശ്രീമതി. കുഞ്ഞുമോൾ ലൂക്കോസ്, ശ്രീ. മത്തായി എന്നിവരുടെ 14.03.2019 ലെ അപേക്ഷ.

===

## ഉത്തരവ് നമ്പർ C/501/2019/D.Dis, തീയതി : 19.03.2019.

===

കോട്ടയം ജില്ലയിലെ, അതിരമ്പുഴ ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള അതിരമ്പുഴ വില്ലേജിൽ, ബ്ലോക്ക് നമ്പർ 27 ൽ റീ സർവ്വെ നമ്പർ 632/8, 632/9, 632/22, 632/23, 632/23-1, 632/22-1 ൽ പെട്ട 66.73 സെന്റ് വിസ്തീർണ്ണമുള്ള സ്ഥലത്ത് 1872.15 ച.മീറ്റർ വിസ്തീർണ്ണമുള്ള ഓട്ടോ മൊബൈൽ വർക്ക്ഷോപ്പ്/സർവ്വീസ് സെന്റർ/സെയിൽസ് യൂണിറ്റ് കെട്ടിടം നിർമ്മിക്കുന്നതിന് KPBR-2011 ലെ ചട്ടങ്ങൾക്കും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി സ്ഥലത്തിന്റെ ഉപയോഗത്തിനും കെട്ടിടങ്ങളുടെ ലേ-ഔട്ടിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

താഴെ പറയുന്ന നിബന്ധനകൾ കൃത്യമായും പാലിച്ചിട്ടുണ്ടെന്നും, ലഭ്യമാക്കേണ്ട എൻ.ഒ.സി, അനുമതി എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും സെക്രട്ടറി പരിശോധിച്ച് ഉറപ്പു വരുത്തിയ ശേഷം മാത്രമെ കെട്ടിട നിർമ്മാണം ക്രമവൽക്കരണാനുമതി സർട്ടിഫിക്കറ്റ് നൽകുവാൻ പാടുള്ളു.

**നിബന്ധനകൾ**

1. KPBR-2011ചട്ടം 11(1) പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ, റീ സർവ്വെ നമ്പർ, വിസ്തൃതി, അതിരുകൾ, വിസ്തീർണ്ണം, അളവുകൾ, ഉടമസ്ഥാവകാശം, നിർമ്മാണാവകാശം എന്നിവ ശരിയാണെന്ന് സെക്രട്ടറി ബന്ധപ്പെട്ട രേഖകൾ പരിശോധി ച്ചും സ്ഥല പരിശോധന നടത്തിയും ഉറപ്പു വരുത്തണം.

2. ജില്ലാ മെഡിക്കൽ ഓഫീസർ, മലിനീകരണ നിയന്ത്രണ ബോർഡ്, ഫയർഫോഴ്സ് എന്നീ വകുപ്പുകളിൽ നിന്നുള്ള എൻ.ഒ.സി ലഭ്യമാക്കിയിരിക്കണം.

3. ഖര-ദ്രവ മാലിന്യ സംസ്ക്കരണത്തിനുള്ള സംവിധാനങ്ങൾ ഏർപ്പടുത്തിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പു വരുത്തണം.

4. സൈറ്റ് പ്ലാൻ പ്രകാരമുള്ള വിശദാംശങ്ങൾ സ്ഥലത്ത് ലഭ്യമാക്കിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പു വരുത്തേതാണ്.

5. പരിസര മലിനീകരണം ഉണ്ടാകുന്നില്ലെന്ന് പരിശോധിച്ച് സെക്രട്ടറി ഉറപ്പു വരുത്തണം.

6. തൊഴിലാളികളുടെ താമസം, കുടിവെള്ളം, ശുചീകരണ സൗകര്യങ്ങൾ തുടങ്ങിയ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പു വരുത്തേണ്ടതാണ്.

7. ചട്ടം 57(10) പ്രകാരം അഗ്നിസുരക്ഷാ സംവിധാനം ഉറപ്പു വരുത്തണം.

8. ചട്ടം 57 (12 B) പ്രകാരം ജലം പുനരുപയോഗിക്കുന്നതിന് ആവശ്യമായ സംവിധാനം ഉറപ്പു വരുത്തണം.

9. പാർക്കിംഗ് ചട്ടപ്രകാരം നൽകിയിട്ടുണ്ടെന്നും വാഹനങ്ങൾ സുഗമമായി തിരിയുന്നതിനുള്ള സൗകര്യത്തോടു കൂടിയതുമാണ് എന്നും അവ ഭാവിയിൽ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കില്ല എന്നും സെക്രട്ടറി ഉറപ്പാക്കണം.

10. 30 $m^2$ മാത്രം വിസ്തീർണ്ണമുള്ള loading & unloading space 2 എണ്ണം നൽകേണ്ടതാണ്.

11. ശാരീരിക വൈകല്യമുള്ളവർക്ക് വേണ്ടിയുള്ള സൗകര്യങ്ങൾ ചട്ടപ്രകാരം നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പു വരുത്തണം.

12. ചട്ടം 57 (9) പ്രകാരം ലൈറ്റിംഗ് & വെന്റിലേഷൻ ലഭ്യമാകുന്നുണ്ടെന്നും ഫയർ എസ്കേപ്പ് സ്റ്റെയർ ചട്ടപ്രകാരമാണെന്നും സെക്രട്ടറി ഉറപ്പാക്കണം.

13. നിർദ്ദിഷ്ട സ്ഥലത്ത് വികസന/നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് ബാധകമെങ്കിൽ 2008 ലെ കേരളം നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിനും അനുബന്ധ സർക്കുലറുകൾക്കും 1967 ലെ കേരള ഭൂവിനിയോഗ ഉത്തരവിനും അനുസൃതമാണെന്ന് സെക്രട്ടറി പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്.

14. പ്രസ്തുത (വ്യവസായ) സ്ഥാപനം മൂലമോ (വ്യവസായ) സ്ഥാപനത്തിന്റെ പ്രവർത്തനം മൂലമോ പരിസര വാസികൾക്ക് യാതൊരുവിധത്തിലുമുള്ള ബുദ്ധിമുട്ട് ഉണ്ടാകുന്നില്ലെന്ന് സെക്രട്ടറി ഉറപ്പാക്കണം.

15. KPBR-2011 നും അനുബന്ധ ഭേദഗതികൾക്കും നിലവിലുള്ള ബാധകമായ മറ്റ് നിയമങ്ങൾക്കും നിർദ്ദിഷ്ട നിർമ്മാണം വിധേയമാണെന്ന് സെക്രട്ടറി ഉറപ്പാക്കണം.

16. മേൽ അംഗീകാരം കെട്ടിട നിർമ്മാണം തുടങ്ങുന്നതിനുള്ള അനുമതി അല്ല. KPBR-11 പ്രകാരം സെക്രട്ടറി ടി അപേക്ഷയിൽ അവശ്യമായ തുടർ നടപടി സ്വീകരിക്കേണ്ടതാണ്. ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും അംഗീകാരമോ, നിരാക്ഷേപ പത്രമോ ആവശ്യമുള്ള പക്ഷം ആയവ ലഭിച്ചതിനു ശേഷം മാത്രമെ സെക്രട്ടറി ക്രമവൽക്കരണാനുമതിയ്ക്ക് പരിഗണിക്കാവൂ.

അംഗീകരിച്ച സൈറ്റ് പ്ലാൻ 17/19/KTM ഉള്ളടക്കം ചെയ്യുന്നു.

ജില്ലാ നഗരഗ്രാമാസൂത്രണ കാര്യാലയം
പിൻ - 686 001
ഫോൺ: 2564160
കോട്ടയം

സുജ മത്തായി
ടൗൺ പ്ലാനർ

സെക്രട്ടറി
അതിരമ്പുഴ ഗ്രാമ പഞ്ചായത്ത്

പകർപ്പ് : 1. Smt. Kunjumol Lukose & Sri. Mathai (പ്ലാൻ 1 set സഹിതം)
Kizhakanadayil (H)
Thellakom. P.O, Kottayam

2. അധികം -1

MD/19..03.19